I/697148/2024

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: ഡി.ജി.ഇ/6123/2024 (1)-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 26-03-2024
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- സഹായിതം-മാതൃ സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട പുറത്താകുന്നതും സംരക്ഷണത്തിന് അർഹതയുള്ളതുമായ ജീവനക്കാരെ മറ്റൊരു മാനേജ്മെന്റിലേക്ക് അബ്സോർബ് ചെയ്യുമ്പോൾ ശമ്പളം അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന :- സംസ്ഥാനത്തെ വിവിധ വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്നും ലഭിക്കുന്ന നിരവധി ഫോൺ സന്ദേശങ്ങളും പരാതികളും

******************

സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതുമൂലം തസ്തിക നഷ്ടം വന്ന് പുറത്താകുന്നതും പുനർ വിന്യാസത്തിന് അർഹതയുള്ളതുമായ ജീവനക്കാരെ, ഏതെങ്കിലും ഒരു മാനേജർ തന്റെ അധികാര പരിധിയിൽ വരുന്ന സ്കൂളിലേക്ക് സ്ഥിര പുനർവിന്യാസ നിയമനത്തിനായി മാറ്റി വയ്ക്കപ്പെട്ട തസ്തികയിലേക്ക് അബ്സോർബ് ചെയ്യുമ്പോൾ, പ്രസ്തുത ജീവനക്കാർക്ക് ശമ്പളം ഉൾപ്പെടെയുള്ള എല്ലാ സേവനാനുകൂല്യങ്ങളും അബ്സോർബ് ചെയ്യപ്പെട്ട സ്കൂളുകളിൽ നിന്നും തന്നെ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ, ഏതാനും ചില വിദ്യാഭ്യാസ ഓഫീസർമാർ ഇപ്രകാരം നടപടി സ്വീകരിക്കാതെ, ബന്ധപ്പെട്ട ജീവനക്കാരുടെ ജീവനോപാധികൾ തടസപ്പെടുത്തുന്ന രീതിയിൽ പെരുമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, മാതൃസ്കൂൾ അടച്ച് പൂട്ടിയതുമൂലം തസ്തിക നഷ്ടപ്പെട്ട് പുറത്താകുന്നതും പുനർ വിന്യാസത്തിന് അർഹതയുള്ളതുമായ ജീവനക്കാരെ സംസ്ഥാനത്തെ ഏതെങ്കിലും ഒരു മാനേജർ തന്റെ അധികാര പരിധിയിൽ വരുന്ന സ്കൂളിലേക്ക് പുനർവിന്യാസ നിയമനത്തിനായി മാറ്റി വയ്ക്കപ്പെട്ട തസ്തികയിലേക്ക് അബ് സോർബ് ചെയ്യുമ്പോൾ, ഇപ്രകാരം പുനർവിന്യസിക്കപ്പെട്ട ജീവനക്കാർക്ക് പുനർവിന്യാസം ലഭിച്ച സ്കൂളിൽ നിന്നും തന്നെ അർഹതപ്പെട്ട ശമ്പളവും

I/697148/2024

മറ്റാനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ട് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നതും അനാവശ്യ സ്പഷ്ടീകരണങ്ങൾ തേടി വകുപ്പിലെ സാധാരണ പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്നതുമായ വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

വിശ്വസ്തതയോടെ,

Signed by
Santhosh C A
Date: 26-03-2024 11:06:19

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(അറിവിലേക്കും തുടർ നടപടികൾക്കുമായി നല്കുന്നു)

(2) സൂപ്രണ്ട്,
(ഇ, എഫ്, ജി, ഇ.സി, ഇ.എം, ഇ.റ്റി. എം)
(സമാന വിഷയങ്ങളിൽ, മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.)

(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,പൂജപ്പുര
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )